## നിലമ്പൂർ നോർത്ത് ഡിവിഷൻ

## തൊണ്ടി ലേലപ്പരസ്യം

B2- 9886/15 തിയ്യതി: 30-11-2015

നിലമ്പൂർ നോർത്ത് ഡിവിഷനിൽപ്പെട്ട നിലമ്പൂർ, എടവണ്ണ, വഴിക്കടവ് എന്നീ റെയ്ഞ്ചുകളിലെ വിവിധ വനം കേസുകളിൽപ്പെട്ട തൊണ്ടി സാധനങ്ങൾ താഴെ പട്ടികയിൽ അതാതു റെയ്ഞ്ചിനു നേരെ കാണിച്ചിട്ടുള്ള തീയതികളിൽ രാവിലെ 11.00 മണിക്ക് ടി സാധനങ്ങൾ അട്ടി വെച്ചിരിക്കുന്ന സ്ഥലങ്ങളിൽ വെച്ച് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതായിരിക്കും. ലേല ദിവസം ഒരു പൊതു ഒഴിവു ദിവസമായി പ്രഖ്യാപിക്കുകയോ, പൊതു പണിമുടക്ക് പ്രഖ്യാപിക്കുകയോ ചെയ്താൽ പ്രസ്തുത ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വെച്ച് നടത്തുന്നതാണ്. നിശ്ചിത ലേല തിയ്യതിക്ക് ഏഴ് ദിവസം മുമ്പ് തന്നെ ലേത്തിൽ ഉൾപ്പെടുത്തുന്ന ലേല വസ്തുക്കളുടെ ഇനം, അളവ്, എണ്ണം മുതലായവ ലോട്ട് തിരിച്ചുള്ള പട്ടിക അതാതു റെയ്ഞ്ചാഫീസുകളിൽ പരസ്യപ്പെടുത്തുന്നതും ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലോട്ട് തിരിച്ചുള്ള തൊണ്ടി വസ്തുക്കൾ നേരിൽ പരിശോധിച്ച് നൽപ്നിൽപ് ബോദ്ധ്യപ്പെടേണ്ടതുമാണ്. ലേലത്തിനു ശേഷം ഇതു സംബന്ധമായ പരാതികൾ ഒന്നും പരിഗണിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ തെരഞ്ഞെടുപ്പുകമ്മീഷന്റെ തിരിച്ചറിയൽ കാർഡോ, ഡ്രൈവിംഗ് ലൈസൻസോ കൊണ്ടു വരേണ്ടതും, ലേലത്തിന് മുമ്പായി 5000 (അയ്യായിരം) രൂപ നിരതദ്രവ്യമായി കെട്ടി വെക്കേണ്ടതുമാണ്. ലേലം വിളിക്കുന്ന ആൾ ലേലം കഴിഞ്ഞാലുടനെ തന്നെ ലേലത്തുകയുടെ മൂന്നിൽ ഒന്നു നിരതദ്രവ്യം അടക്കേണ്ടതുമാണ്. ലേലത്തുക 10,000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ മൊത്തം ലേല തുകയും, ലേലത്തുക 10,000/- രൂപയിൽ കവിയുകയാണെങ്കിൽ 10,000 രൂപയോ ലേലത്തുകയുടെ ⅓ ഭാഗമോ ഏതാണോ കൂടുതലെങ്കിൽ ആയത് ലേലം കഴിഞ്ഞാൽ അടക്കേണ്ടതുമാണ്. കോടതി ഉത്തരവനുസരിച്ച് ലേലം ചെയ്യുന്ന തൊണ്ടി സാധനങ്ങളുടെ മൊത്ത വിലയും ലേല ദിവസം തന്നെ അടക്കേണ്ടതാണ്.

ലേലത്തിൽ പിടിച്ചെടുക്കുന്ന സാധനങ്ങൾ ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന തീയതി മുതൽ 30 (മുപ്പത്) ദിവസത്തിനകം ബാക്കി വില, വാറ്റ് 5% വന വികസന നികുതി മൊത്തം സംഖ്യയ്ക്ക് 1988-ലെ ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായനികുതി മുതലായവ അടച്ച് ലേലത്തിൽ പിടിച്ചിട്ടുള്ള സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ ആ വക സാധനങ്ങൾ മറ്റൊരറിയിപ്പു കൂടാതെ തന്നെ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും അവയിൽ ലേലക്കാരന് യാതൊരു വിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതുമല്ല. തന്നെയുമല്ല, ലേലം ചെയ്ത സാധനങ്ങൾ അയാളുടെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്ത് വിൽക്കുന്നതുമായിരിക്കും. അപ്രകാരം ലേലം ചെയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ കുടിശിക വസൂൽ ചെയ്യുന്ന നിയമങ്ങൾ അനുസരിച്ച് മുൻ ലേലക്കാരിൽ നിന്നും ഈടാക്കുന്നതും, ലാഭകരമായിരുന്നാൽ മുൻ ലേലക്കാരന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 02.12.2009-ലെ പ്രൊ.(5)-6835/2009 നമ്പറായി 22.12.2009 –ലെ കേരള സർക്കാർ ഗസറ്റിൽ 50-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മറ്റു ലേലവ്യവസ്ഥകളും സർക്കാർ തടി ഡിപ്പോകളിൽ അതാതു കാലങ്ങളിൽ നിലവിലുള്ള മറ്റ് ലേല നിബന്ധനകളും ഈ ലേലത്തിനുബാധകമായിരിക്കും.

AcF, FMU

ലേലത്തിൽ ഉൾപ്പെടുന്ന തടികൾ, ഉരുപ്പടികൾ, മറ്റു സാധനങ്ങൾ എന്നിവയുടെ അളവും, തരവും, ഗുണവും ലേലക്കാരൻ ലേല തിയ്യതിക്ക് മുമ്പ് തന്നെ ബോദ്ധ്യപ്പെട്ടു കൊള്ളണം. പിന്നീട് ഇതുസംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതല്ല. ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അതാതു റെയ്ഞ്ചാഫീസുകളിൽ നേരിട്ട് അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ലേലവ്യവസ്ഥകൾക്ക് എന്തെങ്കിലും മാറ്റങ്ങളോ, കൂട്ടിചേർക്കലുകളോ ആവശ്യമായിവരുന്ന പക്ഷം ആയത് ലേലസമയത്ത് വിശദീകരിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ അതാതു റെയ്ഞ്ചാഫീസുകളിൽ അന്വേഷിക്കാവുന്നതാണ്.

റെയ്ഞ്ചാഫീസുകളുടെ ഫോൺ നമ്പറുകൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| നിലമ്പൂർ റെയ്ഞ്ച് | - | 04931 220005. |
| എടവണ്ണ റെയ്ഞ്ച് | - | 04931 221959. |
| ഒഴിക്കടവ് റെയ്ഞ്ച് | - | 04931 275322. |

പട്ടിക

| നിലമ്പൂർ റെയ്ഞ്ച് | എടവണ്ണ റെയ്ഞ്ച് | വഴിക്കടവ് റെയ്ഞ്ച് |
|---|---|---|
| 13.01.16 | 14.01.16 | 15.01.16 |
| 15.02.16 | 16.02.16 | 17.02.16 |
| 14.03.16. | 15.03.16 | 16.03.16 |
| 18.04.16 | 19.04.16 | 20.14.16 |
| 16.05.16 | 17.05.16 | 18.05.16 |
| 13.06.16 | 14.06.16 | 15.06.16 |
| 13.07.16 | 14.07.16 | 15.07.16 |
| 17.08.16 | 18.08.16 | 19.08.16 |
| 08.09.16 | 09.09.16 | 19.09.16 |
| 17.10.16 | 18.10.16 | 19.10.16 |
| 14.11.16 | 15.11.16 | 16.11.16 |
| 14.12.16 | 15.12.16 | 16.12.16 |

വി.പി. ജയപ്രകാശ്,
അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ &
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
(ഫുൾ അഡീഷണൽ ചാർജ്ജ്)
നിലമ്പൂർ നോർത്ത് ഡിവിഷൻ.

(കേരളാ ഗവർണ്ണർക്കുവേണ്ടി).